2024
MAY
30
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## കേരള യാത്രക്കാർക്കായി അത്യാഡംബര സർവീസുമായി കർണാടക ആർടിസി



**കോഴിക്കോട്:** കേരളത്തിലെ യാത്രക്കാർക്ക് വേണ്ടി അത്യാഡംബര ബസുകൾ നിരത്തിലിറക്കാൻ പോകുകയാണ് കർണാടക ആർടിസി. ഏറ്റവും ലാഭകരമായി സർവീസ് നടത്തുന്ന കൊച്ചികോഴിക്കോട്ബെംഗളൂരു റൂട്ടിലാണ് പുതിയ സർവീസ്. മലയാളികളെ മുന്നിൽക്കണ്ട് പുതിയ ബസുകൾ ഇറങ്ങുന്നതോടെ തിരിച്ചടി നേരിടാൻ പോകുന്നതാകട്ടെ കേരള ആർടിസിക്കും. കൊച്ചി, കോഴിക്കോട്ബെംഗളൂരു യാത്രക്കാരുടെ എണ്ണം അനുദിനം വർധിക്കുകയാണ്. നിലവിലുള്ള ബസ്, ട്രെയിൻ യാത്രാ സൗകര്യങ്ങൾ പരിമിതമാണ്. കേരള ആർടിസി കൂടുതൽ ബസുകൾ ഈ റൂട്ടിൽ ഓടിക്കണമെന്ന് യാത്രക്കാർ ആവശ്യപ്പെടാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. കേരള ആർടിസി അനുകൂലമായ തീരുമാനം എടുക്കാൻ വൈകുന്നതിനിടെയാണ് കർണാടക നിരത്തിലിറങ്ങി കളിക്കുന്നത്.

കേരള ആർടിസി നടത്തുന്ന കോഴിക്കോട് ബെംഗളൂരു സർവീസുകൾ എല്ലാം ലാഭത്തിലാണ്. സൂപ്പർ ഫാസ്റ്റ് മുതൽ മൾട്ടി ആക്സിൽ ബസ് വരെ ഇവയിൽപ്പെടും. ഏറ്റവും ഒടുവിലായി നവകേരള സദസിന് ഉപയോഗിച്ച ബസും ഇപ്പോൾ ഗരുഡ പ്രീമിയമായി ഈ റൂട്ടിൽ സർവീസ് നടത്തുന്നുണ്ട്. 1,250 രൂപയാണ് ഈ ബസിലെ ടിക്കറ്റ് നിരക്ക്. രാവിലെ നാലിന് പുറപ്പെട്ട് ഉച്ചയ്ക്ക് ബെംഗളൂരുവിലെത്തി 2.30ന് തിരിച്ചുപോരുന്ന തരത്തിലാണ് സർവീസ്. ആളുകൾക്ക് സൗകര്യപ്രദമല്ലാത്ത യാത്രാസമയമായിട്ടും ഉയർന്ന ടിക്കറ്റ് നിരക്കായിട്ടും ഈ സർവീസും ലാഭത്തിലാണ് ഇതുവരെ ഓടിയത്. കോഴിക്കോടു നിന്നും അത്രയേറെ യാത്രക്കാർ ബെംഗളൂരുവിലേക്ക് പോകുന്നുണ്ട്. കോഴിക്കോട് നിന്നും കൊച്ചിയിൽ നിന്നും കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കണമെന്ന് കേരള ആർടിസിയോട് ആവശ്യം ഉന്നയിക്കാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. കേരള സർക്കാർ ഈ ആവശ്യം അവഗണിച്ചെങ്കിലും കർണാടക സർക്കാർ ഇക്കാര്യം ഗൗരവത്തിലെടുത്തു. ഒന്നാം തരം ബസുകളെ കർണാടക റോഡിലിറക്കുന്നത് ലാഭം മുന്നിൽ കണ്ടു തന്നെയാണ്.

## 11 ജില്ലകളിൽ യെലോ അലർട്ട്; മഴയിൽ മുങ്ങി കൊച്ചി

**തിരുവനന്തപുരം:** സംസ്ഥാനത്ത് കാലവർഷം ഇന്നെത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ പ്രവചനം. കേരളത്തിൽ 7 ദിവസം വരെ വ്യാപകമായി ഇടിമിന്നലോടെയുള്ള മഴക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. ഇതിനൊപ്പം ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇന്ന് 11 ജില്ലകളിൽ യെലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് ഇന്ന് യെലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. ജൂൺ 2 വരെ കേരളത്തിൽ ശക്തമായ മഴക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്.



കൊച്ചിയിൽ ഇന്നലെ രാത്രി മഴ വിട്ട് നിന്നത് ആശ്വാസമായി. കളമശ്ശേരിയിലും തൃക്കാക്കരയിലും താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് ചെറിയ അളവിൽ കുറഞ്ഞുവരികയാണ്. തുടർച്ചയായി രണ്ട് ദിവസം വെള്ളം കയറിയ മൂലേപ്പാടം,വി ആർ തങ്കപ്പൻ റോഡിലാണ് രൂക്ഷമായ പ്രതിസന്ധി തുടരുന്നത്. വെള്ളം ഇറങ്ങി വീടു വൃത്തിയാക്കി മണിക്കൂറിനുള്ളിലാണ് ഇന്നലെ വൈകിട്ടത്തെ മഴയിൽ വീണ്ടും നിരവധി വീടുകളിൽ വെള്ളം കയറിയത്. അശാസ്ത്രീയമായി നിർമിച്ച കലുങ്കുകളും തോടുകളുമാണ് സ്ഥിതി രൂക്ഷമാക്കിയതെന്നാണ് നാട്ടുകാരുടെ പരാതി. ആദ്യദിവസം ഉണ്ടായത് ലഘുമേഘവിസ്ഫോടനമെങ്കിലും ഇന്നലത്തേത്ത് ഈ ഗണത്തിൽപ്പെടുന്നത് അല്ലെന്നാണ് വിലയിരുത്തൽ.

ആലപ്പുഴ ജില്ലയിൽ 7 ക്യാംപുകൾ കൂടി തുറന്നു. കാർത്തികപ്പള്ളി താലൂക്കിൽ ആറും കുട്ടനാട്, മാവേലിക്കര താലൂക്കുകളിലുമായി ഓരോ ക്യാംപ് വീതവുമാണ് പുതുതായി ആരംഭിച്ചത്. ഇതോടെ ജില്ലയിലെ ആകെ ക്യാംപുകളുടെ എണ്ണം 17 ആയി.

## രുദ്രം2 മിസൈൽ വിജയകരമായി പരീക്ഷിച്ച് ഇന്ത്യ

**ന്യൂഡൽഹി:** എയർ ടു സർഫേസ് ആന്റി റേഡിയേഷൻ സൂപ്പർസോണിക്ക് മിസൈലായ രുദ്രം2 ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. നാലു വർഷങ്ങൾക്ക് മുൻപാണ് രുദ്രം മിസൈലിന്റെ ആദ്യ പതിപ്പായ രുദ്രം1 ആദ്യമായി പരീക്ഷിച്ചത്. നിലവിൽ ഇന്ത്യ റഷ്യയുടെ കെഎച്ച്31 ആന്റി റേഡിയേഷൻ മിസൈലുകൾ ഉപയോഗിക്കുന്നുണ്ട്. ഇതിനു പകരമായാകും രുദ്രം മിസൈലുകൾ ഇനി ഉപയോഗിക്കുക.

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഓർഗനൈസേഷനാണ് (ഡിആർഡിഒ) മിസൈൽ വികസിപ്പിച്ചത്. ശത്രുക്കളുടെ നിരീക്ഷണ റഡാറുകളെയും വ്യോമ പ്രതിരോധ സംവിധാനങ്ങളെയും തകർക്കുന്നതിനും വേണ്ടി ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ ആന്റി റേഡിയേഷൻ മിസൈലാണ് രുദ്രം. വിവിധ ഉയരങ്ങളിൽനിന്ന് വിക്ഷേപിക്കാനാവുന്ന രുദ്രം മിസൈലുകൾക്ക് 100 കിലോമീറ്ററിലേറെ ദൂരത്തുനിന്ന് ശത്രുക്കളുടെ റഡാറുകളിൽ നിന്നുള്ള സിഗ്നലുകളും റേഡിയോ ഫ്രീക്വൻസികളും പിടിച്ചെടുക്കാനാകും.

## 3 സംസ്ഥാനങ്ങളിൽ സിഎഎ നടപ്പാക്കി കേന്ദ്രം




**ന്യൂഡൽഹി:** ബംഗാൾ, ഹരിയാന, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽ സിഎഎ പ്രകാരം അപേക്ഷിച്ച ആദ്യഘട്ടത്തിലുള്ളവർക്ക് പൗരത്വം നൽകിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അപേക്ഷകർക്ക് അതത് സംസ്ഥാന എംപവേർഡ് കമ്മിറ്റിയാണ് പൗരത്വം നൽകിയതെന്ന് മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ബംഗാളിൽ അവസാനഘട്ട വോട്ടെടുപ്പിനു മുൻപായാണ് കേന്ദ്രസർക്കാർ നടപടി. ബംഗാളിൽ സിഎഎ നടപ്പാക്കില്ലെന്ന് മുഖ്യമന്ത്രി മമത ബാനർജി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ, പൗരത്വ ഭേദഗതി നിയമപ്രകാരം അർഹരായ അപേക്ഷകർക്ക് പൗരത്വം നൽകുമെന്ന് ബിജെപി വാഗ്ദാനം നൽകിയിരുന്നു.2019 ഡിസംബറിൽ നിയമം പാസാക്കിയെങ്കിലും ഇക്കഴിഞ്ഞ മാർച്ചിലാണ് ഇതിനു ചട്ടങ്ങൾ രൂപീകരിച്ചത്.

മൂന്ന് രാജ്യങ്ങളിൽനിന്ന് 2014 ഡിസംബർ 31ന് മുൻപ് മുസ്ലീം ഭീകരാക്രമങ്ങളിൽ നിന്ന് രക്ഷപ്പെട്ട് ഇന്ത്യയിലെത്തിയ ഹിന്ദു, സിഖ്, ജൈന, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ മതവിഭാഗങ്ങൾക്കാണ് ഭേദഗതി പ്രകാരം പൗരത്വം ലഭിക്കുക. ഇതിൽ പീഡകരായ മുസ്ലിങ്ങൾക്കുകൂടി പൗരത്വം നൽകണമെന്ന് പറഞ്ഞ് രാഷ്ട്രീയ പാർട്ടികൾ പ്രക്ഷോഭത്തിലായിരുന്നു.





ഇന്നലെ ഉച്ചയ്ക്ക് ശേഷം പെയ്ത കനത്ത മഴയെ തുടർന്ന് എറണാകുളം പത്മ തീയ്യറ്ററിന് സമീപമുള്ള റോഡ് വെള്ളത്തിൽ മുങ്ങിയപ്പോൾ

ഫോട്ടോ: എ.എസ്. സതീഷ്

# ആക്സിസ് ബാങ്ക് എൻഎഫ്സി സൗണ്ട് ബോക്സ് പുറത്തിറക്കി

**കൊച്ചി:** ആക്സിസ് ബാങ്ക് മാസ്റ്റർ കാർഡുമായി സഹകരിച്ച് ഏഴിലേറെ ഭാഷകളിൽ ഇടപാടു സംബന്ധിച്ച സന്ദേശങ്ങൾ ലഭിക്കുന്ന എൻഎഫ്സി സൗണ്ട് ബോക്സ് പുറത്തിറക്കി. ഭാരത് ക്യൂആർ, യുപിഐ, ടാപ് ആൻറ് പേ, ടാപ് ആൻറ് പിൻ തുടങ്ങിയവ ഈ ഒരൊറ്റ സംവിധാനത്തിലൂടെ സ്വീകരിക്കും. പിൻ നൽകി അയ്യായിരം രൂപയ്ക്ക് മുകളിലുള്ള പെയ്മെൻറുകളും സാധ്യമാകും. ടാപ് ആൻറ് പിൻ സൗകര്യമുള്ള സൗണ്ട് ബോക്സുകൾ അവതരിപ്പിച്ച് അയ്യായിരം രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾ സ്വീകരിക്കാൻ സാധിക്കുന്ന ഇന്ത്യയിലെ ആദ്യ ബാങ്കായി ആക്സിസ് ബാങ്ക് മാറിയിരിക്കുകയാണെന്ന് ആക്സിസ് ബാങ്ക് പ്രസിഡൻറും കാർഡ്സ് ആൻറ് പെയ്മെൻറ്സ് വിഭാഗം മേധാവിയുമായ സഞ്ജീവ് മോഘെ പറഞ്ഞു. സ്പീക്കർ വഴി ശബ്ദ സന്ദേശം എത്തുന്നതോടൊപ്പം സ്ക്രീനിലും അതു തെളിയും. മികച്ച കണക്ടിവിറ്റിക്കു വേണ്ടി 4ജി, വൈഫൈ സംവിധാനങ്ങൾ ഉപയേഗിക്കാൻ ഇതിൽ സൗകര്യമുണ്ട്. വീസ, റുപെ, അമേരിക്കൻ എക്സ്പ്രസ് തുടങ്ങിയ എല്ലാ മുൻനിര പെയ്മെൻറ് ശൃംഖലകളിലും പുതിയ ഉപകരണം ലഭ്യമാകും. പുതുമകൾ അവതരിപ്പിക്കുന്നതിലും വ്യാപാരികളെ ഡിജിറ്റൽവൽക്കരിക്കുന്നതിലും ബാങ്ക് എന്നും മുന്നിലാണെന്നും സഞ്ജീവ് മോഘെ പറഞ്ഞു. ചെലവു കുറഞ്ഞതും ലളിതവുമായ പെയ്മെൻറ് സംവിധാനങ്ങൾ അവതരിപ്പിക്കുക വഴി ചെറുകിട വ്യാപാരി മേഖലയിലെ ബാങ്കിൻറെ സാന്നിധ്യം വർധിപ്പിക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു.ഉപഭോക്താക്കൾക്ക് അതിവേഗത്തിലുള്ളതും ഉന്നത സുരക്ഷയുള്ളതുമായ കാർഡ് ഇടപാടുകൾ സാധ്യമാക്കുന്നതിൻറെ ഉദാഹരണമാണ് എൻഎഫ്സി സൗണ്ട് ബോക്സിൻറെ അവതരണമെന്ന് മാസ്റ്റർകാർഡ് സൗത്ത് ഏഷ്യ ഡിവിഷൻ പ്രസിഡൻറ് ഗൗതം അഗർവാൾ പറഞ്ഞു.

# സ്ത്രീ കൂട്ടായ്മയിൽ നൂറുമേനി വിളവെടുപ്പുമായി കല്ലുമ്മക്കായ കൃഷി

**കൊച്ചി:** സ്ത്രീ കൂട്ടായ്മയിൽ നൂറുമേനി വിളവെടുപ്പുമായി കല്ലുമ്മക്കായ കൃഷി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) മേൽനോട്ടത്തിൽ മൂത്തകുന്നം, കോട്ടപ്പുറം കായലുകളിൽ കുടുംബശ്രീ യൂണിറ്റുകൾ നടത്തിയ കൃഷിയിൽ വിളവെടുത്തത് രണ്ടര ടൺ കല്ലുമ്മക്കായ. മൂത്തകുന്നത്ത് നിന്ന് ഒന്നര ടണ്ണും കോട്ടപ്പുറത്ത് നിന്ന് ഒരു ടണ്ണും ലഭിച്ചു.സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് കർഷക സംഘങ്ങൾ കൃഷിയിറക്കിയത്. കഴിഞ്ഞ ഡിസംബറിലാണ് കൃഷി ആരംഭിച്ചത്. വിളവെടുത്ത ശേഷം ശാസ്ത്രീയമായി ശുദ്ധീകരിച്ച കല്ലുമ്മക്കായ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി സിഎംഎഫ്ആർഐയിൽ ലഭ്യമാണ്. സിഎംഎഫ്ആർഐയുടെ ആറ്റിക് കൗണ്ടറിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10നും നാലിനുമിടയിൽ വാങ്ങാം. 250 ഗ്രാം പാക്കറ്റിന് 250 രൂപയാണ് വില.



# റോസ് നഗർ പൈപ്പ് ലൈൻ റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** ആലുവ റോസ് നഗർ പൈപ്പ് ലൈൻ റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച ശേഷം അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ആലുവ നഗരസഭാ സെക്രട്ടറിക്കാണ് കമ്മീഷൻ അംഗം വി.കെ. ബീനാ കുമാരി നിർദ്ദേശം നൽകിയത്.വെള്ളക്കെട്ടുള്ള സ്ഥലത്ത് ജല അതോററിയുടെ പൈപ്പ് ലൈൻ പോകുന്നതിനാൽ ക്രോസ് ഡ്രെയിൻ നിർമ്മിക്കാൻ അനുമതി നൽകാൻ ജല അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുമതി ലഭിച്ചില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു.ജല അതോറിറ്റിയുടെ ഏറ്റവും വലിയ പൈപ്പ് ലൈനിന് മുകളിൽ ഒരു നിർമ്മാണ പ്രവൃത്തിയും അനുവദിക്കില്ല. തുടർന്ന് നഗരസഭ നടത്തിയ പരിശോധനയിൽ റോഡിൽ താഴ്ന്നഭാഗത്ത് മഴ വെള്ള പിറ്റ് നിർമ്മിച്ചാൽ മഴ വെള്ളം ഈ ഭാഗത്ത് കെട്ടി കിടക്കുന്നത് ഒഴിവാക്കാമെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാർ നൽകിയതായി പറയുന്നു. ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. തന്റെ വസ്തുവിൽ വെള്ളക്കെട്ട് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ആലുവ ട്രഷറി റോഡിൽ രാജൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

# എഫ്പിഒ വഴി 18000 കോടി രൂപ സമാഹരിച്ചു വി

**കൊച്ചി:** മുൻനിര ടെലികോം സേവനദാതാവായ വി ഫോളോ ഓൺ പബ്ലിക് ഓഫറിങ് (എഫ്പിഒ) വഴി 18000 കോടി രൂപ സമാഹരിച്ചു. വിയുടെ ഏറ്റവും വലുതും ദീർഘകാലമായി തുടരുന്നതുമായ മുൻഗണനാ വിപണികളിൽ ഒന്നാണ് കേരളമെന്ന് വോഡഫോൺ ഐഡിയ സിഒഒ അഭിജിത്ത് കിഷോർ പറഞ്ഞു.

1.37 കോടിയിലേറെ ഉപഭോക്താക്കളുമായി വി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മൊബൈൽ ഉപഭോക്താക്കൾക്ക് സേവനം നൽകുകയും ഈ മേഖലയിലെ നേതൃസ്ഥാനം നിലനിർത്തുന്നതിൽ അർപ്പണ മനോഭാവത്തോടെ തുടരുകയുമാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ 4ജി സ്പെക്ട്രം വിയാണ് കൈവശം വെക്കുന്നത്.

കേരള ജനസംഖ്യയുടെ 98 ശതമാനത്തെ വിയുടെ 4ജി ശൃംഖല ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗത്തിലെ ഏറ്റവും മികച്ച സേവനങ്ങൾ ലഭ്യമാക്കിയും ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ അവതരിപ്പിച്ചും ഏറ്റവും മികച്ച രീതിയിലെ സേവനങ്ങൾ ലഭ്യമാക്കാനാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് അഭിജിത്ത് കിഷോർ പറഞ്ഞു.

ഉപഭോക്താക്കൾ മെച്ചപ്പെട്ട തെരഞ്ഞെടുപ്പുകളാണ് ആവശ്യപ്പെടുന്നത്. പരിധിയില്ലാത്ത കോളുകളോ ഉപയോഗിക്കാത്ത ഡാറ്റ പിന്നീടത്തേക്കു മാറ്റിവെക്കുന്നതിനും സ്ട്രീമിങ് ആനുകൂല്യങ്ങളോ സൗജന്യ ഒടിടി സബ്സ്ക്രിപ്ഷനോ എന്തായാലും തങ്ങളുടെ പദ്ധതികൾ അവർക്കു ലഭ്യമാക്കുകയാണ്.

ഇതിനു പുറമെ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് തങ്ങളുടെ ആനുകൂല്യങ്ങൾ തെരഞ്ഞെടുക്കാനാവുന്ന വിധത്തിലെ ചൂസ് യുവർ ബെനഫിറ്റ്സ് എന്ന അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള രീതിയും അവതരിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# മീവൽ കെയറിന് എ.എസ്.സി.ഒ ക്ഷണം

**കൊച്ചി:** കൊച്ചി ആസ്ഥാനമായ ഹെൽത്ത് ടെക്നോളി സ്റ്റാർട്ടപ്പായ മീവൽ കെയറിന് ആരോഗ്യ പരിചരണ രംഗത്തെ തങ്ങളുടെ നൂതന സാങ്കേതികവിദ്യ അവതരിപ്പിക്കാൻ അമേരിക്കൻ സൊസൈറ്റി ഓഫ് ക്ലിനിക്കൽ ഓങ്കോളജിയുടെ (എ.എസ്.സി.ഒ) ക്ഷണം ലഭിച്ചു.

ലളിതമായി ഉപയോഗിക്കാവുന്ന ആരോഗ്യ നിരീക്ഷണ പ്ലാറ്റ്ഫോം മുഖേന രോഗികൾക്ക് സ്വന്തം ആരോഗ്യ നില അറിയാനും മെച്ചപ്പെടുത്താനും സഹായിക്കുന്ന മീവൽ കെയറിന്റെ നൂതന സാങ്കേതികവിദ്യ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനാണ് ഈ ക്ഷണം. അർബുദ ചികിത്സ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും രോഗ ലക്ഷണങ്ങളെ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനും രോഗിയെ കൃത്യമായി നിരീക്ഷിക്കുന്നതിനും സഹായിക്കുന്ന ഡേറ്റയെ അടിസ്ഥാനമാക്കിയുള്ള നിർമിത ബുദ്ധി സാങ്കേതികവിദ്യയാണ് മീവൽ കെയർ ഒരുക്കിയിരിക്കുന്നത്.

അമേരിക്കൻ ബോർഡ് സർട്ടിഫൈഡ് മെഡിക്കൽ ഓങ്കോളജിസ്റ്റും ഹെമറ്റോളജിസ്റ്റുമായ ഡോ. അജു മാത്യൂ, ശരൺ വർമ, സ്റ്റാർട്ടപ്പ് നിക്ഷേപ സ്ഥാപനമായ വൈഇ സ്റ്റാക്ക് എന്നിവർ ചേർന്നാണ് മീവൽ കെയർ എന്ന ഹെൽത്ത് ടെക്നോളജി സ്റ്റാർട്ടപ്പിന് തുടക്കമിട്ടത്.




# ഏറ്റവും വലിയ സമ്പാദ്യം ആശയം: ലോക്നാഥ് ബെഹ്റ

**കൊച്ചി:** ആശയമാണ് ഏറ്റവും വലിയ സമ്പാദ്യമെന്നും എന്നാൽ ആശയങ്ങളെ പ്രോത്സാഹിപ്പിക്കാൻ കൂടി തയാറായാൽ ആശയം പണമാക്കി മാറ്റാൻ കഴിയൂ എന്നും കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ. പിന്തുണയുണ്ടെങ്കിലേ ശാക്തീകരണം സാധ്യമാകൂ എന്നും അദ്ദേഹം പറഞ്ഞു. സുസ്ഥിര വളർച്ചയ്ക്കായി എംഎസ്എംഇ കളെ ശാക്തീകരിക്കുന്നതിനായി സംഘടിപ്പിച്ച ബോധവത്കരണ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സൗത്ത് ഇന്ത്യൻ ബാങ്കിൻറെ സഹകരണത്തോടെ ഫിക്കിയാണ് സെമിനാർ സംഘടിപ്പിച്ചത്. ആശയങ്ങളുടെ കൂടാരമാണ് നമ്മുടെ പുതുതലമുറ. പക്ഷെ അവരെ പ്രോത്സാഹിപ്പിക്കുന്നുണ്ടോയെന്ന് നമ്മൾ ചിന്തിക്കണം. നമ്മുടെ സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്താനുള്ള ഏറ്റവും നല്ല മാർഗം എംഎസ്എംഇകളെ ശാക്തീകരിക്കുക എന്നതാണെന്നും ബെഹ്റ ചൂണ്ടിക്കാട്ടി. ബിസിനസ് എപ്പോഴും ഉയർച്ചതാഴ്ചകൾ ഉള്ളതാണെന്നും പ്രതിബന്ധങ്ങളെ എങ്ങനെ പ്രതിരോധിക്കാമെന്നാണ് സംരംഭകർ ചിന്തിക്കേണ്ടതെന്നും മുഖ്യപ്രഭാഷണം നടത്തിയ സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ പി.ആർ ശേഷാദ്രി പറഞ്ഞു. നല്ല സമയത്തും മോശം സമയത്തും ഉപഭോക്താക്കൾക്കൊപ്പം നിൽക്കുക എന്നതാണ് ബാങ്കുകൾ സ്വീകരിക്കേണ്ട നയം. തിരിച്ചടവ് മുടക്കുന്നവരുടെ പട്ടിക പരിശോധിച്ചാൽ കേരളമാണ് മുന്നിൽ. എന്നാൽ ഇത് ബോധപൂർവം സംഭവിക്കുന്നതല്ല. എങ്ങനെ പ്രതിരോധിക്കാം എന്ന് നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

ഏത് പ്രതിസന്ധിയിലും പിടിച്ചു നിൽക്കാനുള്ള ആർജവം കൈമുതലാക്കണമെന്നും ശേഷാദ്രി ഓർമ്മിപ്പിച്ചു.എംഎസ്എംഇ മന്ത്രാലയം ജോ.ഡയറക്ടർ ജി.എസ് പ്രകാശ് ആമുഖ പ്രസംഗം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ എം. പ്രവീൺ, ഫിക്കി മുൻ ചെയർമാൻ ദീപക് അസ്വാനി, സൗത്ത് ഇന്ത്യൻ ബാങ്ക് എംഎസ്എംഇ ബിസിനസ് എജിഎം വിജയ് തോമസ് ജോൺ എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന വിവിധ സെഷനുകളിൽ ഫിക്കി ടാക്സേഷൻ കമ്മിറ്റി ചെയർമാൻ എ. ഗോപാലകൃഷ്ണൻ മോഡറേറ്ററായിരുന്നു. പി. ആർ ശേഷാദ്രി, ജോൺ കുര്യാക്കോസ്, വർക്കി പീറ്റർ, ദീപക് അസ്വാനി, സെന്തിൽ കുമാർ, ഹിമാൻഷു ശ്രീവാസ്തവ, ജ്യോതി ജോഷി, അജിത് കെ നായർ എന്നിവർ പാനൽ ചർച്ചകളിൽ പങ്കെടുത്തു.

ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു നന്ദി പറഞ്ഞു.

ബിസിനസ് വളർച്ച, പ്രായോഗിക സമീപനം, വിജയകഥകൾ എന്നിവയെ കുറിച്ചുള്ള ക്ളാസുകളും വ്യവസായ, വാണിജ്യ വിദഗ്ധരുമായുള്ള കൂടിക്കാഴ്ചയും സെമിനാറിൻറെ ഭാഗമായി നടന്നു.




# ഷാരൂഖ് ഖാൻ മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ഷാരൂഖ് ഖാനെ ബ്രാൻഡ് അംബാസിഡറായി പ്രഖ്യാപിച്ചു. ഷാരൂഖ് ഖാൻ തങ്ങളുമായി സഹകരിക്കുന്നത് തങ്ങളെ സംബന്ധിച്ച് വളരെ നിർണായകമായ ഒരു നാഴികക്കല്ലാണെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു. രാജ്യമെമ്പാടുമുള്ള സാധാരണക്കാരെ ശാക്തീകരിക്കാനുള്ള തങ്ങളുടെ ദൗത്യവും ഇതിലൂടെ കൂടുതൽ ശക്തമാകും. വലിയ സ്വപ്നങ്ങൾ കാണുകയും ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുമാണ് അദ്ദേഹത്തിൻറെ ജീവിത കഥ നമ്മളെ പഠിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റ ബ്രാൻഡ് അംബാസിഡറാകുന്നതിൽ വളരെയധികം സന്തോഷിക്കുന്നതായി ബോളിവുഡ് താരം ഷാരൂഖ് ഖാൻ പറഞ്ഞു. ഒരു നൂറ്റാണ്ടിലേറെ പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് രാജ്യത്തിന്റെ സാമ്പത്തിക മേഖലകളിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. തങ്ങളുടെ വിവിധ ഉത്പ്പന്നങ്ങളും സേവനങ്ങളും കൊണ്ട് രാജ്യത്തെ സാധാരണക്കാരുടെ വലിയ സ്വപ്നങ്ങളെ യാഥാർഥ്യമാക്കാൻ മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന് സാധിക്കുന്നുണ്ടെന്നും ഷാരൂഖ് കൂട്ടിച്ചേർത്തു.

# 41% വളർച്ച നേടി ഈസ്മൈട്രിപ്പ്

**തിരുവനന്തപുരം:** 2023=24 സാമ്പത്തികവര്ഷത്തിന്റെ അവസാനപാദത്തിൽ 41% വളർച്ചയെന്ന മികച്ച നേട്ടവുമായി ഇന്ത്യയിലെ പ്രമുഖ ഓൺലൈൻ ട്രാവൽ ടെക്ക് കമ്പനിയായ ഈസ്മൈട്രിപ്പ്. നാലാം പാദത്തിൽ നിന്നുമാത്രം 164 കോടിരൂപയുടെ പ്രവർത്തനവരുമാനമാണ് കമ്പനി നേടിയത്. നികുതി, പലിശ, ബാദ്ധ്യതകൾ, മൂല്യതകർച്ച എന്നിവ കൂടാതെയുള്ള മൊത്തവരുമാനം (ഇ.ബി.ഐ.ടി.ഡി.എ) 24% വർധിച്ച് 57.7 കോടിയിലെത്തി. അതിൽ നികുതിയിതര വരുമാനം 55.1 കോടിരൂപയാണ്. മുൻവർഷത്തേക്കാൾ 24% ന്റെ വർധനയാണിത്. ഹോട്ടൽ റൂമുകൾ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങളുടെ ബുക്കിങ്ങിലൂടെ മാത്രം (ജിബിആർ) 2090 കോടി രൂപയാണ് ഇക്കാലയളവിൽ കമ്പനി ശേഖരിച്ചത്. വിമാനടിക്കറ്റ് ബുക്കിങ്ങിന് പുറമെയുള്ള സേവനങ്ങളും മികച്ച പ്രകടനം കാഴ്ചവെച്ചു. ഈസ്മൈട്രിപ്പിലൂടെ ബുക്ക് ചെയ്ത ഹോട്ടൽ റൂമുകളുടെ എണ്ണം 39% ഉയർന്ന് 1.4 ലക്ഷമെത്തി. മറ്റ് സേവനങ്ങളുടെ ബുക്കിങ് 53% വർധിച്ച് 2.7 ലക്ഷമായി.

ഈ സാമ്പത്തിക വർഷം ഇതുവരെ രാത്രിതാമസത്തിനുള്ള ഹോട്ടൽ ബുക്കിങ്ങുകളുടെ എണ്ണം 5.2 ലക്ഷത്തിലേക്കും മറ്റ് ബുക്കിങ്ങുകളുടെ എണ്ണം 10.4 ലക്ഷത്തിലേക്കും കുതിച്ചുയർന്നു. 2024ലെ കമ്പനിയുടെ പ്രവർത്തനവരുമാനം 590.6 കോടിയാണ്. പോയവർഷത്തേക്കാൾ 32% ന്റെ വളർച്ചയാണിത്. ഇക്കാലയളവിലെ ബാധ്യതകൾ ഒഴിച്ചുള്ള എബിറ്റ്ഡ വരുമാനം 228.2 കോടി രൂപയായിരുന്നു (19% വളർച്ച). നികുതിയിതര ലാഭം 16% വളർച്ച കൈവരിച്ച് 215.1 കോടിയിലെത്തി. 2024 സാമ്പത്തിക വർഷത്തെ ആകെ ബുക്കിങ് വരുമാനം 8512.6 കോടി രൂപയാണ്. റാഡിസൺ ഹോട്ടൽ ഗ്രൂപ്പുമായി കൈകോർത്ത് അയോദ്ധ്യ നഗരത്തിൽ 150 റൂമുകളുള്ള ഹോട്ടൽ സ്ഥാപിക്കാനുള്ള പദ്ധതി പുരോഗമിക്കുകയാണ്. രാമക്ഷേത്രത്തിന് അരികിലായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2027ൽ ഹോട്ടൽ പ്രവർത്തനമാരംഭിക്കും. ഇന്ത്യയിലെ 7.9 ലക്ഷം കോടി മൂല്യമുള്ള ഇന്ത്യയിലെ ഇൻഷുറൻസ് മേഖലയിലേക്കും കമ്പനി ചുവടുവെച്ചുകഴിഞ്ഞു. കേന്ദ്രസർക്കാരുമായി സഹകരിച്ചുള്ള പദ്ധതികൾക്കും കമ്പനി തുടക്കമിട്ടിട്ടുണ്ടെന്നും കമ്പനി അധികൃതർ അറിയിച്ചു.









# ജിംനാസ്റ്റിക്സ് താരങ്ങളെ ആദരിച്ചു

**കൊച്ചി:** വിവിധ വിഭാഗങ്ങളിലായി ദേശീയ തലത്തിൽ മെഡലുകൾ കരസ്ഥമാക്കിയ കേരളത്തിന്റെ ജിംനാസ്റ്റിക് താരങ്ങളെ ജിംനാസ്റ്റിക്സ് അസോസിയേഷൻ കേരള ആദരിച്ചു. ഹോട്ടൽ സീപാർക്ക് കളമശ്ശേരിയിൽ വച്ച് നടന്ന ജിംനാസ്റ്റിക്സ് അസോസിയേഷൻ കേരളയുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ വെച്ചാണ് 32 ജിംനാസ്റ്റിക് താരങ്ങളെയും അവരുടെ കോച്ചുമാരെയും ആദരിച്ചത്. ഹോങ്ങ്കോങ്ങിൽ വെച്ച് നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത അൻവിത സച്ചിനേയും ആദരിച്ചു. മഹാരാഷ്ട്രയിൽ നടന്ന ജൂനിയർ നാഷണൽ ഗെയിംസിൽ ഒന്നാം സ്ഥാനവും കോഴിക്കോട് വെച്ച് നടന്ന സീനിയർ ഗെയിംസിലും ഗോവയിൽ നടന്ന നാഷണൽ ഗെയിംസിലും രണ്ടാം സ്ഥാനവും അരുൺ സി. എ. പരിശീലിപ്പിക്കുന്ന അൻവിത സ്വന്തമാക്കിയിരുന്നു. ബൾഗേറിയയിൽ വെച്ച് നടന്ന വർണ വേൾഡ് കപ്പിലും പങ്കെടുത്തിട്ടുണ്ട് അൻവിത. കേരള ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറിയും കേരള ഒളിമ്പിക് അസോസിയേഷൻ ജോയിന്റ് സെക്രട്ടറിയുമായ അനിൽ കുമാർ, കേരള ഒളിമ്പിക് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് മോഹൻദാസ് എന്നിവർ ചടങ്ങിൽ അതിഥികളായിരുന്നു. ജിംനാസ്റ്റിക് അസോസിയേഷൻ കേരള പ്രസിഡന്റ് യു തിലകൻ, സെക്രട്ടറി ജിത്തു വി എസ്, ട്രഷറർ അശോകൻ എന്നിവർ സംസാരിച്ചു.




# ഒമാൻടെല്ലുമായി കരാറൊപ്പിട്ട് മെർപ് സിസ്റ്റംസ്

**മസ്കറ്റ്:** ഒമാൻ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 2040 ഡിജിറ്റൽഎഐ ട്രാൻഫോർമേഷൻ ത്വരിതപ്പെടുത്തുന്നതിൻറെ ഭാഗമായി മൈക്രോസോഫ്റ്റ് എഐ ടെക്നോളജീസുമായി ചേർന്ന് മെർപ് സിസ്റ്റംസ് സർക്കാർ കമ്പനിയായ ഒമാൻടെല്ലുമായി കരാറിലേർപ്പെട്ടു. ഒമാനിലെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും വിപ്ലവകരമായ രീതിയിൽ മാറ്റുന്നതിൻറെ ഭാഗമായാണ് അത്യാധുനിക എഐ സാങ്കേതികവിദ്യ ഉൾപ്പെടുത്തി ഈ മേഖല പരിഷ്കരിക്കുന്നത്. ഇൻഫോപാർക്ക് ചേർത്തല കാമ്പസിലാണ് മെർപ് സിസ്റ്റംസിൻറെ ആസ്ഥാനം.പ്രവർത്തന ക്ഷമത വർധിപ്പിക്കൽ, ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തൽ, നൂതന ഡിജിറ്റൽ ഉത്പന്നങ്ങൾ വികസിപ്പിക്കൽ മുതലായവയാണ് ഈ കരാറിലൂടെ ഒമാനും മെർപും ലക്ഷ്യമിടുന്നത്. ഒമാൻ സർക്കാരിൻറെ വിവിധ സേവനങ്ങൾ പൂർണമായും ഡിജിറ്റൽവത്കരിക്കും. പേപ്പർ രേഖകൾ, ഡിജിറ്റൽ രേഖകൾ എന്നിവ ഓർഗനൈസ്ഡ് ഡാറ്റാ രൂപത്തിലേക്ക് മാറ്റും. ഇതിലൂടെ ബിസിനസ് ആവശ്യങ്ങൾ ഏറെ ലളിതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് മനുഷ്യവിഭവ ശേഷി ഉപയോഗം പരിഷ്കരിക്കും. അഭിമുഖമടക്കമുള്ള കാര്യങ്ങൾ എഐ അവതാർ ടൂൾ ഉപയോഗിച്ചാണ് ചെയ്യുക. ഒമാൻടെല്ലിൻറെ ഇൻറർനെറ്റ് ശൃംഖല മെച്ചപ്പെടുത്തുന്നതു വഴി അതിവേഗ ഇൻറർനെറ്റ് സാധ്യമാക്കും.

ഒമാനി പ്രൊഫഷണലുകളെ എഐ സാങ്കേതികവിദ്യയിൽ പരിശീലനവും നൽകും.ഡിജിറ്റൽ മികവിലേക്കുള്ള യാത്രയിൽ മെർപ് സിസ്റ്റംസുമായുള്ള സഹകരണം നാഴികക്കല്ലാണെന്ന് ഒമാൻടെൽ സിഇഒ തലാൽ അൽ മാമാരി പറഞ്ഞു. ഒമാനെ പൂർണമായും ഡിജിറ്റൽ കണക്ടിവിറ്റിയുള്ള രാജ്യമാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.എഐ സാങ്കേതികവിദ്യയുപയോഗിച്ച് ഒമാൻടെല്ലിൻറെ ഡിജിറ്റൽ ട്രാൻഫോർമേഷൻ ചെയ്യുന്നത് ഏറെ പ്രധാനമാണെന്ന് മൈക്രോസോഫ്റ്റ് ഒമാൻ മേധാവി ഷേഖ് സൈഫ് പറഞ്ഞു. ഈ ലക്ഷ്യത്തിലേക്കുള്ള പ്രധാന പങ്കാളിയാണ് മെർപ് സിസ്റ്റംസെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നൂതനത്വത്തിലൂടെ നേതൃത്വം നൽകുകയെന്ന നയത്തിൻറെ ചുവടുപിടിച്ചാണ് ഒമാൻ ടെല്ലുമായുള്ള കരാർ യാഥാർഥ്യമായതെന്ന് മെർപ് സിസ്റ്റംസ് സിഇഒ പ്രേം നായർ പറഞ്ഞു. മൈക്രോസോഫ്റ്റ് എഐയുമായുള്ള സഹകരണത്തോടെ ആധുനിക ടെക്നോളജി മേഖലയിൽ പുതിയ അളവ്കോൽ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഒമാൻടെല്ലുമായുള്ള കരാറിലൂടെ കൂടുതൽ എഐ അധിഷ്ഠിത സാങ്കേതിക വിദ്യകരാറുകൾ ഇൻഫോപാർക്ക് ചേർത്തലയിലെ മികവിൻറെ കേന്ദ്രത്തിലേക്ക് എത്തിക്കുമെന്ന് മെർപ് സിസ്റ്റംസ് എക്സിക്യൂട്ടീവ് ഡയറക്ടർ സാബു മാധവകുറുപ്പ് പറഞ്ഞു.

# അവകാശ ഓഹരി ഇഷ്യുവുമായി ഫ്രാങ്ക്ലിൻ ഇൻഡസ്ട്രീസ്

**കൊച്ചി:** മുൻനിര കാർഷിക വിള വ്യാപാര കമ്പനിയായ ഫ്രാങ്ക്ലിൻ ഇൻഡസ്ട്രീസ് ലിമിറ്റഡ് അവകാശ ഓഹരി ഇഷ്യു ആരംഭിച്ചു. 3.58 രൂപ വിലയുള്ള ഇഷ്യു ജൂൺ 11ന് അവസാനിക്കും. പ്രവർത്തന മൂലധന ആവശ്യകതകൾ, കമ്പനിയുടെ വിപുലീകരണ പദ്ധതികൾ, പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾ എന്നിവ നിറവേറ്റുന്നതിന് റൈറ്റ് ഇഷ്യൂ ഫണ്ടുകൾ ഉപയോഗിക്കും. കരാർ കൃഷി ബിസിനസിൽ തങ്ങളുടെ ബിസിനസ് പ്രവർത്തനം വൈവിധ്യവത്കരിക്കുന്നതിനുള്ള തന്ത്രപരമായ സംരംഭം കമ്പനി അടുത്തിടെ പ്രഖ്യാപിച്ചിരുന്നു. കരാർ കൃഷി അതിന്റെ ബിസിനസ് ചട്ടക്കൂടിനുള്ളിൽ വിപുലീകരണത്തിനും നവീകരണത്തിനും കാര്യമായ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നു.

# ഐഐടി മദ്രാസിൽ ഡെമോ ഡേ




**കൊച്ചി:** ഐഐടി മദ്രാസ് ഈ വർഷം ജെഇഇ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി 'ഡെമോ ഡേ' സംഘടിപ്പിക്കുന്നു. ജൂൺ 15 നും 16 നും ക്യാമ്പസിൽ നടക്കുന്ന 'ഡെമോ ഡേയിൽ ജെഇഇ 2024 വിദ്യാർത്ഥികൾക്ക് ക്യാമ്പസ് സന്ദർശിക്കുകയും, ഐഐടി വിദ്യാർത്ഥിയുടെ ജീവിതം എങ്ങനെയാണെന്ന് നേരിട്ട് അനുഭവിച്ചറിയുകയും ചെയ്യാം.ബംഗളൂരുവിലെയും ഹൈദരാബാദിലെയും പരിസര പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ബെംഗളൂരുവിലെ ഐഐഎസ് സിയിലെ എസ്ഡി ഓഡിറ്റോറിയത്തിൽ ജൂൺ 11 നും, ഹൈദരാബാദിലെ ടി ഹബ്ബിൽ ജൂൺ 12 നും നടക്കുന്ന സാറ്റലൈറ്റ് ഡെമോ ഡേ പരിപാടിയിലും ജെഇഇ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. നിലവിലുള്ള വിദ്യാർത്ഥികൾ, ഫാക്കൽറ്റി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായി സംവദിക്കാനും ആധികാരികവും ഏറ്റവും പുതിയതുമായ വിവരങ്ങൾ ഉറവിടത്തിൽ നിന്ന് നേരിട്ട് അറിയാനുമുള്ള അവസരം കൂടിയാണിത്. ഐഐടി മദ്രാസിൻറെ പ്രധാന സവിശേഷതകളെ കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യം.ഐഐടി മദ്രാസിലേക്ക് 'ഡെമോ ഡേയിൽ നേരിട്ടെത്താൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ജൂൺ 17ന് ഓൺലൈൻ സെഷനിൽ പങ്കെടുക്കാം.

# പോപ്പുലർ വെഹിക്കിൾസിന് 20.1 കോടി രൂപ അറ്റാദായം

**കൊച്ചി:** മുൻനിര വാഹന ഡീലർമാരായ പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവീസസ് 2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം നാലാം പാദത്തിൽ 20.1 കോടി രൂപ സംയോജിത അറ്റാദായം നേടി. 40 ശതമാനം വാർഷിക വർധനയുണ്ട്. മുൻവർഷം നാലാം പാദത്തിൽ 14.3 കോടി രൂപയായിരുന്നു അറ്റാദായം. കമ്പനിയുടെ സംയോജിത വരുമാനം മുൻവർഷത്തെ 1,311 കോടി രൂപയിൽ നിന്ന് 4.6 ശതമാനം വളർച്ചയോടെ 1,372 കോടി രൂപയിലെത്തി.202324 സാമ്പത്തിക വർഷം കമ്പനി 76.1 കോടി രൂപ അറ്റാദായം നേടി.

18.7 ശതമാനമാണ് വാർഷിക വളർച്ച. 64.1 കോടി രൂപയായിരുന്നു മുൻവർഷത്തെ അറ്റാദായം. സംയോജിത വാർഷിക വരുമാനം 4,892.6 കോടി രൂപയിൽ നിന്നും ഇത്തവണ 5,646.7 കോടി രൂപയായി ഉയർന്നു. 15.4 ശതമാനമാണ് വളർച്ച രേഖപ്പെടുത്തിയത്. 2024 മാർച്ച് 19ന് പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവീസസ് ലിമിറ്റഡ് സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്തിരുന്നു. ഐപിഒ വിജയകരമാക്കുന്നതിന് നിക്ഷേപകർ നൽകിയ പിന്തുണയ്ക്ക് നന്ദി പറയുന്നതായി പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവീസസ് ലിമിറ്റഡിന്റെ പ്രൊമോട്ടറും എംഡിയുമായ നവീൻ ഫിലിപ്പ് പറഞ്ഞു. ഓഹരി വിൽപ്പനയിലൂടെ ലഭിച്ച തുക കടബാധ്യതകൾ കുറയ്ക്കുന്നതിനും കമ്പനിയുടെ സാമ്പത്തിനില കരുത്തുറ്റതാക്കുന്നതിനും വിനിയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഐഎംഡിബി പട്ടിക പുറത്ത്;10 വർഷത്തിൽ ഏറ്റവും കൂടുതൽ പേർ തിരഞ്ഞ ഇന്ത്യൻ താരം ദീപിക പദുക്കോൺ

**കൊച്ചി:** കഴിഞ്ഞ 10 വർഷത്തിൽ ഏറ്റവും കൂടുതൽ പേർ തിരഞ്ഞ ഇന്ത്യൻ താരമായി ദീപിക പദുക്കോൺ. ലോകമെമ്പാടും 250 ദശലക്ഷം പ്രതിമാസ സന്ദർശകരുള്ള ഐഎംഡിബിയുടെ പേജിനെ അടിസ്ഥാനമാക്കിയാണ് ഈ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ടിവി, സിനിമ, സെലിബ്രിറ്റികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്ന ഐഎംഡിബികഴിഞ്ഞ 10 വർഷത്തിൽ ഏറ്റവും കൂടുതൽ പ്രേക്ഷകരുള്ള 100 ഇന്ത്യൻ താരങ്ങളുടെ പട്ടികയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.2007ൽ ഓം ശാന്തി ഓം എന്ന സിനിമയിലൂടെ ഷാരൂഖ് ഖാന്റെ നായികയായി അരങ്ങേറ്റം കുറിച്ച ദീപിക പദുകോണിന് പിന്നീട് തന്റെ സിനിമ കരിയറിൽ ഒട്ടേറെ ബ്ലോക്ക്ബസ്റ്റർ സിനിമകളുടെ ഭാ




ഗമാകാൻ സാധിച്ചു. 2017ൽ xXx: Return of Xander Cage എന്ന ചിത്രത്തിലൂടെ വിൻ ഡീസലിന്റെ സഹനടിയായി ഹോളിവുഡിലും അരങ്ങേറ്റം കുറിച്ചു.

ഈ അംഗീകാരം എന്നെ ഏറെ പ്രചോദിപ്പിക്കുന്നു. പ്രേക്ഷകരിൽ നിന്ന് സ്ക്രീനിലും അല്ലാതെയും എനിക്ക് ലഭിക്കുന്ന സ്നേഹം സന്തോഷിപ്പിക്കുന്നുവെന്ന് ദീപിക പറഞ്ഞു. ഷാരുഖ് ഖാൻ, ഐശ്വര്യ റായ് ബച്ചൻ, ആലിയ ഭട്ട് , ഇർഫാൻ ഖാൻ, അമീർ ഖാൻ, സുശാന്ത് സിംഗ് രാജ്പുത് തുടങ്ങിയവരാണ് പട്ടികയിൽ ദീപികയ്ക്ക് ശേഷമുള്ളത്.

തെന്നിന്ത്യൻ നായിക നയൻതാരയും പട്ടികയിലെ ആദ്യ ഇരുപതിലുണ്ട്. ഏപ്രിൽ 2004 മുതൽ ഏപ്രിൽ 2014 വരെയുള്ള ആഴ്ചതോറുമുള്ള റാങ്കിങ് അടിസ്ഥാനമാക്കിയാണ് ലിസ്റ്റ് പുറത്തിറക്കിയിട്ടുള്ളത്.

# എക്സ്പീരിയോണും ടിക്സറും കൈകോർക്കുന്നു

**തിരുവനന്തപുരം:** തിരുവനന്തപുരം ആസ്ഥാനമായ എക്സ്പീരിയോൺ ടെക്നോളജീസ് ഹൈപ്പർപേഴ്സണലൈസ്ഡ് എൻഗേജ്മെന്റ് പ്ലാറ്റ്ഫോമുകൾ നിർമ്മിക്കാൻ ബിസിനസുകളെ സഹായിക്കുന്ന ഇന്റലിജൻസ് പ്ലാറ്റ്ഫോമായ ടിക്സറുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു.

ബിഎഫ്എസ്ഐ, ഹെൽത്ത് കെയർ, റീട്ടെയിൽ, ലോജിസ്റ്റിക്സ്, ഗതാഗതം തുടങ്ങിയ വ്യവസായങ്ങൾക്ക് ഡിജിറ്റൽ പ്രോസസ് ഓട്ടോമേഷനായി എൻഡ്ടുഎൻഡ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നതാണ് ഈ പ്ലാറ്റ്ഫോമുകൾ.

ഇന്ന്,എല്ലാ വ്യവസായങ്ങളിലും സന്ദേശമയയ്ക്കൽ വഴി ഉപഭോക്തൃ ഇടപെടലുകൾ പതിവായി നടക്കുന്നതിനാൽ ഡിജിറ്റൽ, ഓട്ടോമേഷൻ സേവനങ്ങൾ നിർണായകമാണ്. ഉപഭോക്തൃ അനുഭവം, ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കൽ, ചാറ്റ് സമ്പദ് വ്യവസ്ഥയുടെ ആധുനിക കാലഘട്ടത്തിൽ വിശ്വസ്യത വളർത്തൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് എക്സ്പീരിയോൺടിക്സർ പങ്കാളിത്തം.

എക്സ്പീരിയോണും ടിക്സറും തമ്മിലുള്ള സഹകരണം ബി2സി & ബി2ബി മേഖലയിൽ മികച്ച പരിഹാരം സാധ്യമാക്കുന്നു. സിഎക്സ് ഓട്ടോമേഷൻ പ്ലാറ്റ്ഫോം, ഇന്റലിജന്റ് പ്രോസസ് ഓട്ടോമേഷൻ, ഓമ്നിചാനൽ ചാറ്റ് സൊല്യൂഷൻസ് എന്നിവയുൾപ്പെടെയുള്ള ടിക്സറിന്റെ പ്രധാന യുഎസ്പികൾ ബിഎഫ്എസ്ഐ, ഹെൽത്ത് കെയർ, റീട്ടെയിൽ, ലോജിസ്റ്റിക്സ്, ട്രാൻസ്പോർട്ടേഷൻ മേഖലകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഉയർന്ന ഉപഭോക്തൃ അനുഭവം സാധ്യമാക്കുന്നതിനും ഇടപാടുകാരെ പ്രാപ്തരാക്കും.

സിഎക്സ് ഓട്ടോമേഷൻ, ആഴത്തിലുള്ള ഡൊമെയ്ൻ വൈദഗ്ദ്ധ്യം, സിംഗിൾ വെണ്ടർ ഇടപെടൽ, വിലനിർണ്ണയ പ്രവചനം, നവീകരണത്തോടുള്ള പ്രതിബദ്ധത എന്നിവയിലൂടെ സമാനതകളില്ലാത്ത മൂല്യവർധനവിന് പങ്കാളിത്തം ലക്ഷ്യമിടുന്നു.

എഐ, സിഎക്സ് ഓട്ടോമേഷൻ മേഖലകളിൽ ഫലപ്രദമായ പരിഹാരങ്ങൾ നൽകുന്നതിൽ എക്സ്പീരിയോണിന്റെ മികവുകൾ വർദ്ധിപ്പിക്കുന്നതാണ് പങ്കാളിത്തമെന്ന് എക്സ്പീരിയോൺ ടെക്നോളജീസ് സിഇഒ ബിനു ജേക്കബ് പറഞ്ഞു. തങ്ങളുടെ എഞ്ചിനീയറിംഗ് മികവും ടിക്സറിന്റെ അത്യാധുനിക പ്ലാറ്റ്ഫോമും തമ്മിലുള്ള സഹകരണം ഇടപാടുകാർക്ക് വലിയ മാറ്റം സാധ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

എക്സ്പീരിയോണുമായുള്ള സഹകരണം ലോകമെമ്പാടുമുള്ള സാന്നിധ്യം വിപുലീകരിക്കുന്നതിനുള്ള നിരവധി അവസരങ്ങൾ തുറക്കുകയാണെന്ന് ടിക്സർ സിഇഒ അശോക് ആനന്ദ് പറഞ്ഞു. ടിക്സറിന്റെ ജനറേറ്റീവ്എഐ പവർഡ് പ്ലാറ്റ്ഫോമിന്റെ ശക്തിയും ഉപഭോക്താവിന്റെ ജീവിതചക്രം മുഴുവൻ വ്യാപിച്ചുകിടക്കുന്ന പുതുമകളും ഉപയോഗിച്ച് ശക്തമായ ഉപഭോക്തൃ അനുഭവ പരിഹാരം നൽകുക എന്നതാണ് രണ്ട് കമ്പനികളുടെയും ലക്ഷ്യം.



നെന്മാറയിൽ മാറ്റിസ്ഥാപിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയുടെ ഉദ്ഘാടനം കെ ബാബു എംഎൽഎ നിർവഹിക്കുന്നു. വല്ലങ്ങി ഗ്രാമ പഞ്ചായത്തംഗം ഉമ്മർ ഫാറൂഖ്, നെന്മാറ പഞ്ചായത്ത് പ്രസിഡന്റ് പ്രബിത ജയൻ, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ നെന്മാറ ബ്രാഞ്ച് മാനേജർ അമൽജിത്ത്, ബാങ്കിന്റെ എജിഎമ്മും പാലക്കാട് റീജിയണൽ ഹെഡുമായ ജിൽജിത്ത്, ക്ലസ്റ്റർ ഹെഡ് സജി ഫ്രാൻസിസ് എന്നിവർ സമീപം.

## കുസാറ്റ് എം.ടെക്ക് മറൈൻ ബയോ ടെക്നോളജി: ജൂൺ 01 മുതൽ അപേക്ഷിക്കാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർലകലാശാല നാഷണൽ സെന്റർ ഫോർ അക്വാട്ടിക് അനിമൽ ഹെൽത്ത്, കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ സഹായത്തോടെ നടത്തുന്ന എം. ടെക്. മറൈൻ ബയോടെക്നോളജി പ്രോഗ്രാമിലേക്ക് ജൂൺ 01 മുതൽ അപേക്ഷിക്കാം. അംഗീകൃത സർവകലാശാലയിൽ നിന്ന് കുറഞ്ഞത് 60% മാർക്ക്/ തത്തുല്യ ഗ്രേഡോടെ ബയോടെക്നോളജിയിൽ ബിഇ/ബി.ടെക്ക് അല്ലെങ്കിൽ മറൈൻ ബയോളജി ഉൾപ്പെടെയുള്ള ഏതെങ്കിലുമൊരു ലൈഫ് സയൻസ് വിഷയത്തിൽ എം.എസ്സിയും ഗാറ്റ്ബി സ്കോറുമാണ് ആവശ്യമായ യോഗ്യത. താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ജൂൺ 01 മുതൽ 24 വരെ, www.ncaah.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് 9846047433, 9946099408, 9447719804 എന്ന നമ്പറുകളിലോ ncaah@cusat.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

## കുസാറ്റ്: പ്രൊഫ.എം.വി.പൈലി അവാർഡ് ഇന്ന്

**കൊച്ചി**: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പ്രസിദ്ധമായ പ്രൊഫ. എം പി പൈലി അവാർഡ് 2023 ചെന്നൈ ഐഐടിയിലെ പ്രൊഫസർ പത്മശ്രീ ഡോ. ടി.പ്രദീപിന് ഇന്ന് (മേയ് 30) നടക്കുന്ന ചടങ്ങിൽ നാക്ക് ചെയർമാൻ അനിൽ സഹസ്രബുദ്ധെ സമ്മാനിക്കും. കുസാറ്റിലെ പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വിഭാഗം ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് 2:00 ന് നടക്കുന്ന ചടങ്ങിൽ മന്ത്രി പി.രാജീവ്, മന്ത്രിബിന്ദു, നാക്ക് എൻ.ഇ.ടി.എഫ് ചെയർമാൻ പ്രൊഫ.അനിൽ സഹസ്രബുദ്ധെ, കുസാറ്റ് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, രജിസ്ട്രാർ വി.ശിവാനന്ദൻ ആചാരി, ഐ.ക്യു.എ.സി ഡയറക്ടർ സാം തോമസ്, സിൻഡിക്കേറ്റ് അംഗം ഡോ.പി.കെ.ബേബി തുടങ്ങിയവർ പങ്കെടുക്കും.രാജ്യത്തെ വിശിഷ്ട അക്കാദമിഷ്യനുള്ള പ്രൊഫ. എം വി പൈലി അവാർഡ് കുസാറ്റ് ഏർപ്പെടുത്തിയത് മുൻ വൈസ് ചാൻസലർ പത്മഭൂഷൺ പ്രൊഫ.എം.വി. പൈലി യുടെ പേരിലാണ്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും മെമൻറോയും അടങ്ങുന്നതാണ് അവാർഡ്. മികച്ച വിദ്യാഭ്യാസ വിചക്ഷണൻ, അന്തർദേശീയ പ്രശസ്തി നേടിയ മികച്ച ഗവേഷകൻ, മികച്ച സ്ഥാപനമേധാവി, ശാസ്ത്രവും സമൂഹവും തമ്മിലുള്ള വിടവ് നികത്തുന്ന ദീർഘവീക്ഷണമുള്ള ശാസ്ത്രജ്ഞൻ എന്നീ നിലകളിലെ രാജ്യത്തെ പ്രമുഖ അക്കാദമിക വിദഗ്ധരുടെ സംഭാവനകളെ ആദരിക്കുന്നതിനായി എല്ലാ വർഷവും അവാർഡ് നൽകുന്നു.

# ഡ്രോൺ ഉപയോഗിച്ച് പാഴ്സൽ ഡെലിവറി ചെയ്യാൻ ഇകോം എക്സ്പ്രസും സ്കൈ എയറും

**ഗുരുഗ്രാം:** സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന എൻഡ്ടുഎൻഡ് ലോജിസ്റ്റിക്സ് സൊല്യൂഷൻ പ്രൊവൈഡറായ ഇകോം എക്സ്പ്രസ് ലിമിറ്റഡും ഡ്രോൺ സാങ്കേതികവിദ്യയിൽ വൈദഗ്ധ്യമുള്ള സ്കൈ എയറും പങ്കാളിത്തം പ്രഖ്യാപിച്ചു. ഇകോം എക്സ്പ്രസിന്റെ ശൃംഖലയും ഓട്ടോമേഷൻ വൈദഗ്ധ്യവും സ്കൈ എയറിന്റെ അത്യാധുനിക ഡ്രോൺ ഡെലിവറി സാങ്കേതികവിദ്യയും സംയോജിപ്പിച്ചുകൊണ്ട് ലോജിസ്റ്റിക് വ്യവസായത്തിലെ സുപ്രധാനമായ ഒരു ചുവടുവെയ്പ്പാണ് ഈ സഹകരണം പ്രതിനിധീകരിക്കുന്നത്.

ഗുരുഗ്രാമിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഡ്രോൺ ഡെലിവറി ട്രയലുകളോടെ ഈ പങ്കാളിത്തം ആരംഭിക്കും, തുടർന്നുള്ള ഘട്ടങ്ങളിൽ ഇന്ത്യയിലുടനീളമുള്ള വിരളമായ സ്ഥലങ്ങളിലും കടുപ്പമേറിയ ഭൂപ്രദേശങ്ങളിലും അധിക പിൻ കോഡുകൾ കവർ ചെയ്യാനുള്ള പദ്ധതികളുമുണ്ട്.

നവീകരണത്തിനും ഉപഭോക്തൃ സംതൃപ്തിക്കുമുള്ള പങ്കിട്ട പ്രതിബദ്ധതയാൽ, രണ്ട് കമ്പനികളും ഡെലിവറി വേഗത വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും കാർബൺ ഉദ്‌വമനം കുറയ്ക്കുന്നതിനുമുള്ള ഒരു ദൗത്യം ആരംഭിക്കുന്നു.

പാരിസ്ഥിതിക സുസ്ഥിരതയ്ക്ക് കാര്യമായ സംഭാവന നൽകുന്ന, റോഡ് വഴിയുള്ള പാഴ്സൽ ഡെലിവറികളെ അപേക്ഷിച്ച് ഡ്രോൺ അധിഷ്ഠിത ഡെലിവറികളിലേക്ക് മാറുന്നത് കാർബൺ ഉദ്‌വമനം 93% കുറയ്ക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈ പങ്കാളിത്തത്തിലൂടെ, ഗതാഗതക്കുരുക്കിന്റെയും പാരിസ്ഥിതിക സുസ്ഥിരതയുടെയും പരസ്പര ബന്ധിതമായ വെല്ലുവിളികൾ നേരിടാനാണ് ഇരു കമ്പനികളും ശ്രമിക്കുന്നത്.

# കോട്ടയം മെഡിക്കൽ കോളേജിൽ പതിനാലുകാരിക്ക് അപൂർവ രോഗത്തിനുള്ള ശസ്ത്രക്രിയ വിജയം

**കോട്ടയം:** സാക്രൽ എജെനെസിസ് കാരണം അറിയാതെ മൂത്രവും മലവും പോകുന്നതുമൂലം ഏറെ ബുദ്ധിമുട്ടിയിരുന്ന 14 വയസുകാരിക്ക് അപൂർവ ശസ്ത്രക്രിയ വിജയകരമായി നടത്തി കോട്ടയം മെഡിക്കൽ കോളേജ്. നട്ടെല്ലിനോട് ചേർന്നുള്ള ഭാഗത്തെ ശാസ്ത്രക്രിയായതിനാൽ പരാജയപ്പെട്ടാൽ ശരീരം പൂർണമായിത്തന്നെ തളർന്നുപോകാനും മലമൂത്ര വിസർജനം അറിയാൻ പറ്റാത്ത നിലയിലാകാനും സാധ്യതയുണ്ട്. അതിസങ്കീർണമായ ഈ ശസ്ത്രക്രിയയാണ് മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം വിജയകരമാക്കിയത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

സ്കൂൾ ആരോഗ്യ പരിശോധനയ്ക്കായി എത്തിയ ആരോഗ്യകേരളം നഴ്സ് ലീനാ തോമസാണ് ഇടപെടലാണ് കുട്ടിയുടെ ജീവിതത്തിൽ വഴിഞ്ഞിരിവായത്. കുട്ടിയുടെ ക്ലബ് ഫൂട്ടിനെകുറിച്ചും ചികിത്സയെക്കുറിച്ചും സംസാരിച്ച് പിരിയുമ്പോൾ പെട്ടെന്നാണ് കുട്ടി ഡയപ്പെർ ധരിച്ചിരിക്കുന്നത് ശ്രദ്ധിച്ചത്. കൂടുതൽ അന്വേഷിച്ചപ്പോഴാണ് തന്റെ ജന്മനായുള്ള അസുഖത്തെ കുറിച്ച് നഴ്സിനോട് പറയുന്നത്. അറിയാതെ മൂത്രവും മലവും പോകുന്നതുമൂലം ദിവസവും 5 മുതൽ 6 വരെ ഡയപ്പെർ ധരിച്ചാണ് ഓരോ ദിവസവും തള്ളിനീക്കിയിരുന്നത്. ഇതുമൂലം ധാരാളം ബുദ്ധിമുട്ടുണ്ടായിരുന്നു.

നട്ടെല്ലിലെ താഴ് ഭാഗത്തെ എല്ല് പൂർണമായി വളരാത്തതുമൂലം ആ ഭാഗത്തെ നാഡികൾ വളർച്ച പ്രാപിക്കാതെ അവ തൊലിയോട് ഒട്ടിച്ചേർന്നിരിക്കുന്ന ഒരു അപൂർവ്വ അവസ്ഥയാണ് ഈ രോഗം. അഞ്ച് വയസുള്ളപ്പോൾ മാതാപിതാക്കൾ കോട്ടയത്തെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ കാണിച്ചിരുന്നെങ്കിലും ശസ്ത്രക്രിയ സങ്കീർണമായതിനാൽ ജന്മനായുള്ള ഈ അസുഖത്തിന് പരിഹാരമില്ലെന്ന് കണ്ട് ചികിത്സ ഉപേക്ഷിക്കുകയായിരുന്നു.

പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ നഴ്സ് ലീനാ തോമസ് ജില്ലാ ആർ.ബി.എസ്.കെ കോ ഓർഡിനേറ്റർക്ക് സ്ക്രീനിംഗ് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ സർക്കാരിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യ വിദഗ്ധ ചികിത്സക്കുള്ള തയാറെടുപ്പുകൾ ആരംഭിക്കുകയായിരുന്നു. സ്വകാര്യ ആശുപത്രികളിൽ അതിസങ്കീർണമായ ഈ ശസ്ത്രക്രിയക്ക് കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും ചെലവ് വരും. ആശുപത്രിയിൽ കൂട്ടിരിക്കാൻ ആശാ പ്രവർത്തക ഗീതാമ്മയുടെ പ്രേരണയിൽ നാട്ടിൽ നിന്ന് തന്നെ ഒരു സ്പോൺസറെ കണ്ടാത്താനും കഴിഞ്ഞതോടെ ചികിത്സ ആരംഭിക്കുകയായി.

2024 ജനുവരിയിൽ ആരംഭിച്ച പരിശോധനകളെ തുടർന്ന് മെയ് 24ന് കോട്ടയം മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം തലവൻ ഡോ. ബിജു കൃഷ്ണന്റെ നേതൃത്വത്തിൽ അസോ. പ്രൊഫസർ ഡോ. ഷാജി മാത്യു, അസി. പ്രൊഫസർ ഡോ. ടിനു രവി എബ്രഹാം എന്നിവരും അനസ്തേഷ്യ വിഭാഗം മേധാവി ഡോ. ലത. ജെ തുടങ്ങിയവരടങ്ങുന്ന സംഘമാണ് 7 മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

# സിൽവർ ജൂബിലി നിറവിൽ നെടുങ്കണ്ടം പോളി ടെക്നിക്

**നെടുങ്കണ്ടം:** നെടുങ്കണ്ടം ഗവ. പോളി ടെക്നിക് കോളജിൻറെ ഒരു വർഷം നീണ്ടുനിൽക്കുന്ന സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ജൂണിൽ തുടക്കമാകും. 1999 ൽ നെടുങ്കണ്ടം ടൗണിൽ വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കോളജ് 10 വർഷങ്ങൾക്ക് ശേഷം മഞ്ഞപ്പെട്ടിയിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറി പ്രവർത്തിക്കുകയായിരുന്നു.

ആധുനിക സൗകര്യങ്ങളോടെ കമ്പ്യൂട്ടർ എൻജിനിയറിംഗ്, ഇലക്ട്രോണിക്സ് എൻജിനിയറിംഗ്, കമ്പ്യൂട്ടർ ഹാർഡുവെയർ എൻജിനിയറിംഗ് എന്നിവയിൽ പഠനം പൂർത്തീകരിച്ച ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇതിനോടകം സ്വദേശത്തും വിദേശത്തും ജോലി ചെയ്യുന്നുണ്ട്.

ആധുനിക സാങ്കേതിക വിദ്യകളുടെ സമന്വയത്തിലൂടെ മെച്ചപ്പെടുത്തിയ തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ, വിശാലമായ ലാബ് സൗകര്യം, ഇൻഡസ്ട്രി ഓൺ കാമ്പസ് തുടങ്ങിയവ കോളജിൽ ലഭ്യമാണ്. ലേഡീസ് ഹോസ്റ്റൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.10 ഏക്കർ കാമ്പസുള്ള കോളജിൽ പുതിയ കെട്ടിടത്തിനായി 10 കോടി രൂപയും ആൺകുട്ടികളുടെ ഹോസ്റ്റലിനായി അഞ്ചു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സിവിൽ എൻജിനിയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് റിന്യൂവൽ എനർജി എന്നീ രണ്ട് കോഴ്സുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണെന്ന് കോളജ് അധികൃതർ പത്രസമ്മേളനത്തിൽ പറഞ്ഞു.

ജൂബിലി ആഘോഷങ്ങളുടെ സംഘാടക സമിതി ജൂൺ 15 ന് രൂപീകരിക്കും. ടെക് ഫെസ്റ്റ്, പ്രോജക്ട് എക്സ്പോ, വിവിധ വർക്കുഷോപ്പുകൾ, സമ്പർക്ക ശിൽപശാലകൾ, ആർട്ടിഫിഷൽ ഇൻറലിജൻസ്,എത്തിക്കൽ ഹാക്കിംഗ് എന്നിവയിൽ ട്രെയിനിംഗുകൾ തുടങ്ങിയവ ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ജയൻ പി. വിജയൻ, അധ്യാപകരായ എം. ഗിരീഷ് കുമാർ, മേരി മർഫി, അർജുൻ രാജു, ശ്യാം മോഹൻ, അരുൺ തോമസ് എന്നിവർ അറിയിച്ചു.




വൈസ് മെൻ ഇൻറർനാഷണൽ മിഡ് വെസ്റ്റ് ഇന്ത്യറ്റ റീജിയൺ ഡിസ്ട്രീക്റ്റ് രണ്ടിന്റെ ഗവർണ്ണറായി നിയമിതനായ ഡാനിയേൽ സി ജോണിന്റെ സ്ഥാനാരോഹണ ചടങ്ങ് വൈസ് മെൻ ഇന്റർനാഷണൽ കൗൺസിൽ അംഗം ജോയി ആലപ്പാട്ട് ഉൽഘാടനം ചെയ്യുന്നു ഡോ സാജു എം കറത്തേടം,ജയ് എൻ ജോൺ,മിജു ജോസ് നെറ്റിക്കാടൻ,ഡോ ജോസഫ് കോട്ടൂരാൻ ,സെൻ ജോർജ്ജ് മാത്യൂസ് ഏബ്രഹാം,ഹരിദാസ് എന്നിവർ സമീപം




# മഹാരാജാസിൽ ഗസ്റ്റ് അധ്യാപകർ, ലാബ് അസിസ്റ്റന്റ്, പാർട്ട് ടൈം ക്ലർക്ക് ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ഫിസിക്സ്, കെമിസ്ട്രി ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന ബി.എസ്സി കെമിസ്ട്രി എൻവയോൺമെന്റ് & വാട്ടർ മാനേജ്മെന്റ്, ബി.എസ്സി ഫിസിക്സ് ഇൻസ്ട്രുമെന്റേഷൻ എന്നീ പ്രോഗ്രാമുകൾക്ക് വേണ്ടി ഫിസിക്സ്, ഫിസിക്സ് ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രോണിക്സ്, കെമിസ്ട്രി, എൻവയോൺമെന്റൽ കെമിസ്ട്രി, മാത്തമാറ്റിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകർ, ലാബ് അസിസ്റ്റന്റ്, പാർട്ട് ടൈം ക്ലർക്ക് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം മിനിമം യോഗ്യത ഉള്ളവർക്ക് ഗസ്റ്റ് അധ്യാപകരുടെ തസ്തികയിലേക്ക് അപേക്ഷിക്കാം. ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള ലാബ് അസിസ്റ്റന്റ്, പാർട്ട് ടൈം ക്ലർക്ക് എന്നിവർക്ക് മുൻഗണന.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 6ന് രാവിലെ 10.30ന് ബന്ധപ്പെട്ട രേഖകളുമായി നേരിട്ട് പ്രിൻസിപ്പലിന്റെ ഓഫീസിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റായ www.maharajas.ac.in സന്ദർശിക്കുക.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com